# Teaching manual

| | | |
|---|---|---|
| മലയാളം | I Standard IV | MKM……. |


Prepared By,
MANUMON K.M
LPST
Govt : L.P.S THIRDCAMP
IDUKKI,
Class : 4


യൂണിറ്റ് : 1

**അമൃതം**

പാഠനലക്ഷ്യം

വേദനിക്കുന്നവരെയുംദുരിതമനുഭവിക്കുന്നവരെയും സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു.

ആശയങ്ങൾ ധാരണകൾ

ആവശ്യമായ ജീവിതസൗകര്യങ്ങൾ അനുഭവിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന എത്രയോ പേർ നമുക്ക് ചുറ്റിലും ഉണ്ട് അവരെ സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയണം.

തീയതി : 05.06.2024

## പ്രവർത്തനം

മീൽസ് റെഡി എന്ന വീഡിയോ പ്രദർശനം

ചർച്ച

ചോദ്യങ്ങൾ ചോദിക്കുന്നു.

❓നിങ്ങൾ എപ്പോഴെങ്കിലും വിശന്നിട്ടുണ്ടോ?

❓വിശന്നിരിക്കുന്ന ആരെങ്കിലും നിങ്ങൾ കണ്ടിട്ടുണ്ടോ?

❓നിങ്ങൾ അവരെ സഹായിച്ചിട്ടുണ്ടോ?

ചർച്ച

കുട്ടികൾക്ക് പറയാൻ അവസരം

🔖ഒരു കുട്ടി വിശക്കുന്നവനെ സഹായിച്ച കഥ വായിക്കാം

ടെസ്റ്റ് ബുക്ക് പേജ് no 7 ലെ ചിത്രങ്ങൾ കുട്ടികൾ നിരീക്ഷിക്കുന്നു. ഡോക്ടർ കെ ശ്രീകുമാറിന്റെ വിശപ്പ് എന്ന കഥ വായിക്കാൻ പറയുന്നു.

വ്യക്തിഗതമായി വായിക്കുന്നു.

വായനയുടെ ഘട്ടങ്ങൾ പാലിക്കുന്നു.

ഐസിടി ഉപയോഗിച്ച് ടിവി പേജിൽ ചിത്രം എൻ ലാർജ് ചെയ്ത് പ്രദർശിപ്പിക്കുന്നു

ആശയ ഗ്രഹണത്തിനുള്ള ചോദ്യങ്ങൾ ചോദിക്കുന്നു.

# Teaching manual

| മലയാളം | I Standard IV | MKM....... |
| --- | --- | --- |




- ചിത്രത്തിൽ എന്താണ് കാണുന്നത്?
- കഥയിൽ ആരെല്ലാം ഉണ്ട്?
- കഥയിൽ ആരെയാണ് ഇഷ്ടപ്പെട്ടത്?
- എന്താണ് ഇഷ്ടപ്പെടാൻ കാരണം?
- 📌 കഥയിലെ കുട്ടിയുടെ പെരുമാറ്റത്തെ കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്
  കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു.

📌 കഥയിലെ കുട്ടിയുടെ സ്ഥാനത്ത് നിങ്ങൾ ആയിരുന്നു എങ്കിൽ എന്ത് ചെയ്യുമായിരുന്നു.?

കുട്ടികൾ സ്വതന്ത്രമായി പ്രതികരിക്കുന്നു

ചെറിയ വാക്കുകളിൽ എഴുതി പ്രകടിപ്പിക്കുന്നു.

| |
| --- |
| അമ്മ കുട്ടിക്ക് ഉച്ചയ്ക്ക് കഴിക്കാൻ കൊടുത്തയച്ച ചോറും മുളകും ചമ്മന്തിയും വഴിയോരത്തെ വൃദ്ധയ്ക്ക് നൽകിയ കുട്ടിയുടെ മനോഭാവം. സകല ചരാചരങ്ങളെയും സ്നേഹിക്കണം എന്ന ചിന്ത. സ്നേഹത്തിനു വേണ്ടി ചെറിയ ത്യാഗങ്ങൾ, നമ്മെ സ്നേഹിക്കുന്നവരും നാം സ്നേഹിക്കേണ്ട വരും ആണെന്ന് ചിന്ത. |

📌 ഞാനായിരുന്നുവെങ്കിൽ

കഥ വായിച്ചല്ലോ കഥയിലെ കുട്ടിയുടെ സ്ഥാനത്ത് നിങ്ങൾ ആയിരുന്നെങ്കിൽ എന്ത് ചെയ്യുമായിരുന്നു.

വ്യക്തിഗതമായി എഴുതാൻ അവസരം നൽകുന്നു.

രചനയുടെ ഘട്ടങ്ങൾ.

| |
| --- |
| ഞാനാണെങ്കിൽ തീർച്ചയായും ആഹാരം കൊടുക്കുമായിരുന്നു മനുഷ്യത്വത്തിയോടെ മതി എന്നു പറയുന്നത് ആഹാരം മാത്രമാണെന്ന് അമ്മ പറഞ്ഞുഞാൻ കേട്ടിട്ടുണ്ട് ആഹാരം ഇല്ലാത്തവർ ധാരാളം ഉള്ള ഈ ലോകത്ത് അത് പാഴാക്കി കളയുന്നത് കുറ്റകരമാണ് ഒരു നേരമെങ്കിലും മറ്റുള്ളവരുടെ വിശപ്പകറ്റുവാൻ കഴിയുന്നവനാണ് ഭാഗ്യം ചെയ്തവൻ എന്ന് ഞാൻ വിശ്വസിക്കുന്നു. അന്നദാനം മഹത്തരമാണ് |

| |
| --- |
| പ്രതികരണം |

Teaching manual

| മലയാളം | I | Standard | IV | MKM....... |
|---|---|---|---|---|

## കുടയില്ലാത്തവർ

പഠനലക്ഷ്യം :

- കവിത ഈണത്തിലും താളത്തിലും ചൊല്ലുന്ന കവിത വായിച്ച് ആശയ ഗ്രഹിക്കുന്നു.
- പരിചയപ്പെടുന്ന പുതിയ പദങ്ങൾ പ്രയോഗങ്ങൾ ചൊല്ലുകൾ ശൈലികൾ എന്നിവ ഉചിത സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു
- തെറ്റ് കൂടാതെ ഉചിതമായ വ്യവഹാര രൂപങ്ങൾ (കുറിപ്പ്, അനുഭവക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്) തയ്യാറാക്കുന്നു.
- സമാന കവിതകൾ ശേഖരിക്കുന്നു ആസ്വദിക്കുന്നു
- നമുക്കുചുറ്റുമുള്ള എല്ലാത്തിനെയും സ്നേഹിക്കുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും എന്ന് ബോധ്യപ്പെടുന്നു.
- വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരെയും സ്നേഹിക്കാനും സഹായിക്കുവാനും നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു.

ആശയം

- സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യ രചനകൾ ഉണ്ട്.
- ആവശ്യമായ ജീവിത സൗകര്യങ്ങൾ അനുഭവിക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന എത്രയോ പേർ നമുക്ക് ചുറ്റിലുമുണ്ട്.
- അവരെ സഹായിക്കാനും സ്നേഹിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്.
- സഹജീവികളോട് സ്നേഹപൂർണ്ണമായി പെരുമാറുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയും.

വ്യവഹാര രൂപം

- കവിത
- അനുഭവക്കുറിപ്പ്
- ചിത്രീകരണം
- താരതമ്യക്കുറിപ്പ്
- ആസ്വാദനക്കുറിപ്പ്

| |
|---|
| എല്ലാ മത്സരങ്ങൾക്കും അപ്പുറം മനുഷ്യൻ ഒന്നാകണമെങ്കിൽ അവനു വേണ്ടത് സ്നേഹമാണെന്ന് തിരിച്ചറിവ് നൽകുന്ന കവിതയാണ് കുടയില്ലാത്തവർ. തന്റെ ബാല്യകാലത്തിലെ സ്നേഹം തുളുമ്പുന്ന കുറച്ചു നിമിഷങ്ങളിലേക്ക് കൊണ്ടുപോകുന്നു കവി ഒ.എൻ.വി കുറുപ്പ് |

പ്രവർത്തനം

❓ സ്കൂൾ തുറക്കുമ്പോൾ ഉള്ള അനുഭവങ്ങൾ എന്തൊക്കെയാണ്.

- സ്വതന്ത്ര പ്രതികരണം.
  - പുത്തൻ ഉടുപ്പ്, പുത്തൻകുട,പുതിയ ബാഗ്, പുസ്തകങ്ങൾ, പുതിയ കൂട്ടുകാർ, വിദ്യാലന്തരീക്ഷം, മഴ,

Teaching manual

| മലയാളം | I | Standard IV | MKM……. |
|---|---|---|---|

🟢 കുട്ടികളുടെ വ്യത്യസ്തങ്ങളായ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.

…..ഇത്തരത്തിൽ അനുഭവമുള്ള ഒരു കവിത "കുടയില്ലാത്തവർ" നമ്മുടെ പുസ്തകത്തിൽ ഉണ്ട് അത് നമുക്ക് ചൊല്ലാം.

📌 കവിത അവതരണം.

- കുട്ടികൾ കവിത വ്യക്തിഗതമായി വായിക്കുന്നു
- ഗ്രൂപ്പിൽ വായിക്കുന്നു അവതരിപ്പിക്കുന്നു
- തുടർന്ന് സംഘമായി ചൊല്ലുന്നു.
- മികച്ച ഈണത്തിൽ ചൊല്ലിയവരെ അഭിനന്ദിക്കുന്നു.
- വ്യത്യസ്ത ഈണത്തിൽ കവിത ചൊല്ലി കേൾപ്പിക്കുന്നു.
- ഓഡിയോ കേൾപ്പിക്കുന്നു ICT

സമാനാശയം ലഭിക്കുന്നതിനായി ചോദ്യങ്ങൾ ചോദിക്കുന്നു.

കുട്ടികൾക്ക് സ്വതന്ത്ര രചനയുടെ അവസരം.

❓ ഒഴിവു കാലത്തോടൊപ്പം എന്തെല്ലാമാണ് പോയി മറഞ്ഞത്?
❓ സ്വന്തം ബാല്യം കവി ഓർമ്മിച്ചത് എങ്ങനെ?
❓ കുട്ടിക്കാലത്ത് കവിയെ കൊച്ചുങ്ങൾ സഹായിച്ചത് എങ്ങനെ?
❓ പല നിറത്തിലുള്ള കുടകൾ ചൂടി പോകുന്നവർ ഏതു പോലെ എന്നാണ് കവി പറയുന്നത്?
❓ കുട്ടിക്കാലത്ത് കവി എങ്ങനെയാണ് സ്കൂളിൽ പോയത്?
❓ കവിയുടെ മനസ്സിൽ കുഞ്ഞു പെങ്ങളോട് സ്നേഹം തോന്നിപ്പിക്കുന്ന വരികൾ ഏവ?

🏷️ രചനയുടെ ഘട്ടങ്ങൾ

ഉത്തരങ്ങൾ ഗ്രൂപ്പ് കുട്ടികൾ ഗ്രൂപ്പിൽ ചർച്ച ചെയ്ത് അവതരിപ്പിക്കുന്നു

ടീച്ചറുടെ സഹായത്തോടെ ഉത്തരം ക്രോഡീകരിച്ച് എഴുതുന്നു.

🟢 നോട്ട് ബുക്കിൽ കുറിക്കുന്നു.

- ഒഴിവുകാലത്തോടൊപ്പം പോയി മറഞ്ഞത് പൂരവും പെരുന്നാളും തെയ്യ കോലവും വിഷുവുമാണ്.
- മഴവെള്ള ചാലിലൂടെ പല നിറത്തിലുള്ള കുടകൾ പിടിച്ച് പൊടിമീനുകളെ പോലെ നടന്നു നീങ്ങുന്ന കുട്ടികളെ കണ്ടപ്പോഴാണ് കവിക്ക് ബാല്യകാലം ഓർമ്മ വന്നത്.
- മഴവെള്ള ചാലുകൾ നീന്തിപ്പോകുന്ന പൊടിമീനുകളെ പോലെ തോന്നുന്നു.
- വാഴയില ചൂടിയിട്ടുണ്ടെങ്കിലും മഴയത്തും നനഞ്ഞു പോവുകയായിരുന്ന തന്നെ തന്റെ കുടയിൽ ചേർത്തു നിർത്താൻ കൊച്ചുപെങ്ങൾ മനസ്സു കാണിച്ചു.
- വാഴയിലെ വെട്ടി തലയിൽ വച്ച് ചെറിയ സ്ലേറ്റും ബുക്കിംഗ് മാറിൽ ചേർത്തുപിടിച്ചുമാണ് കവി വിദ്യാലയത്തിൽ പോയത്.
- "കുതിരുന്നു ഞാൻ ആ മഴയിലല്ല…….
  ഒരു കുഞ്ഞു പെങ്ങൾതൻ സ്നേഹ വായ്പ്പിൽ "

Teaching manual

| മലയാളം | I | Standard | IV | MKM....... |
|---|---|---|---|---|

📌കണ്ടെത്താം എഴുതാം

- കവിത ഭാവാത്മകമായി ചൊല്ലുന്നു,

കവിതയുടെ ആശയം ആഴത്തിൽ മനസ്സിലാക്കുന്ന ചോദ്യങ്ങൾ നൽകുന്നു. ❓വേനൽ കിനാക്കൾ കരിഞ്ഞുപോയി എന്തൊക്കെയായിരിക്കാം കവിയുടെ വേനൽ കിനാക്കൾ?

❓ കുതിരുന്ന ഞാനാ മഴയിൽ അല്ല ഒരു കുഞ്ഞു പെങ്ങൾതൻ സ്നേഹ വായ്പ്പിൽ കുഞ്ഞു പെങ്ങളുടെ സ്നേഹവായ്പ്പിൽ കുതിരുന്നു എന്ന് കവി പറയുന്നത് എന്തുകൊണ്ട്?

- കുട്ടികൾ ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു
- അവതരിപ്പിക്കുന്നു മെച്ചപ്പെടുത്തുന്നു
- ക്രോഡീകരിക്കുന്നു
- നോട്ടുബുക്കിൽ എഴുതുന്നു.

അവധിക്കാലം കഴിയുമ്പോൾ അതുവരെയുണ്ടായിരുന്ന ആഹ്ലാദങ്ങൾഅവസാനിക്കുന്നു. കളിച്ചും ചിരിച്ചും കൂട്ടുകൂടിയും മതിവരാത്ത ആഗ്രഹങ്ങളുമാണ് ഈ വേനൽ കിനാക്കളായി കവി പറയുന്നത്. മഴ നനഞ്ഞു പോകേണ്ടി വന്ന അവസ്ഥ തന്നെ പിടിച്ച് കൊണ്ടുപോകുന്ന കൊച്ചുപെങ്ങൾ കവിക്ക് സ്നേഹത്തിന്റെ ഒരു പെരുമഴ തന്നെയാണ് അനുഭവപ്പെടുന്നത് സ്നേഹ പ്രകടനം കവിയെ നന്നായി സ്പർശിക്കുന്നു.

- വിശകലന ചോദ്യങ്ങൾ ആഴത്തിലുള്ള വായനയിലേക്ക് നയിച്ചുവോ
- എല്ലാവർക്കും ഉത്തരം എഴുതാൻ കഴിഞ്ഞു
- ആസ്വാദന തലത്തിലേക്ക് എത്രപേർക്ക് എത്താൻ കഴിഞ്ഞു
- കുട്ടുകാർ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം
- തിരിച്ചറിവുകൾ എന്തെല്ലാം

🟢 തുടർ പ്രവർത്തനം. .

വരികളുടെ ആശയങ്ങൾ കണ്ടെത്തി എഴുതുക.

പാഠ ലക്ഷ്യം :- ഇഷ്ടപ്പെട്ട കവിതകൾ ശേഖരിക്കുന്നു

ആശയങ്ങൾ മൂല്യങ്ങൾ :-സ്നേഹത്തിന്റെ മഹത്വം വ്യക്തമാക്കുന്ന നിരവധി സാഹിത്യ രചനകൾ ഉണ്ട് കവിതയുടെ താളത്തിന് അതിന് വരികയുള്ള ലക്ഷങ്ങളുടെ എണ്ണവുമായി ബന്ധമുണ്ട്.

# Teaching manual

| | | | |
|---|---|---|---|
| മലയാളം | I | Standard IV | MKM……. |

<u>പ്രവർത്തനം</u>

📌 സ്കൂളിലെ എന്റെ ആദ്യദിനം

- നിങ്ങൾ ആദ്യമായി സ്കൂളിൽ വന്ന ദിവസം ഓർമ്മയുണ്ടോ
- ആരുടെ കൂടെയാണ് സ്കൂളിൽ വന്നത്
- എന്തെല്ലാമാണ് വിദ്യാലയത്തിൽ നടന്നത്

സ്വതന്ത്ര പ്രതികരണം

- നിങ്ങൾ അംഗൻവാടിയിൽ പോയിട്ടുണ്ടോ
- അംഗൻവാടിയിലെ അനുഭവങ്ങൾ ഓർമ്മയുണ്ടോ

ലഘു ചർച്ചയ്ക്ക് അവസരം

ഒഎൻവി കുറുപ്പിന്റെ "ഒരുവട്ടം കൂടിയെൻ ഓർമ്മകൾ മേയുന്ന തിരുവറ്റത്ത് എത്തുവാൻ മോഹം"

ക്ലാസിൽ അധ്യാപകൻ കവിത അവതരിപ്പിക്കുന്നു

കവിതയുടെ ഓഡിയോ കേൾപ്പിക്കുന്നു.

📌 പ്രയോഗ ഭംഗി കണ്ടെത്താം **(പേജ് 19)**

കൂട്ടുകാരെ ഗ്രൂപ്പുകൾ ആക്കുന്നു

- മഴത്തുള്ളികളും തുള്ളി വന്നല്ലോ
- പൊടിമീനിൻ നിരപോലാം കൂട്ടുകാർ
- അനിയനില്ലാത്തൊരനിയൻ
- നീരാമ്പൽ പോലെ

ബോർഡിൽ എഴുതിയിരുന്നു.

പ്രയോഗ ഭംഗി വിശദമാക്കുന്ന രീതിയിൽ ചർച്ച നടത്തുന്നു

വ്യക്തിഗത രചനയ്ക്ക് അവസരം നൽകുന്നു

ഗ്രൂപ്പിൽ വായിച്ച് ഓരോ പ്രയോഗവും മെച്ചപ്പെടുത്തുന്നു

പൊതു അവതരണം നടത്തുന്നു.

- <u>എല്ലാവർക്കും കണ്ടെത്താൻ കഴിഞ്ഞു</u>
- <u>വർക്ക് ഷീറ്റ് ചർച്ച മെച്ചപ്പെട്ടു</u>
- <u>തിരിച്ചറിവുകൾ എന്തെല്ലാം</u>

Teaching manual

| മലയാളം | I Standard IV | MKM....... |
|---|---|---|

📌 വാക്കുകൾ കണ്ടെത്താം


പുതു ചേർത്ത് എന്തൊക്കെ വാക്കുകൾ എഴുതാം

വ്യക്തിഗതമായി എഴുതാൻ അവസരം നൽകുന്നു

ടിബി പേജ് 18 പരിശോധിച്ച് പുതു എന്ന് ചേർന്ന് വരുന്ന പദങ്ങൾ കണ്ടെത്തി എഴുതി അവതരിപ്പിക്കുന്നു.

ബോർഡിൽ എഴുതുന്നു

ഉറക്കെ വായിക്കാൻ അവസരം നൽകുന്നു.




📌 മറക്കാനാവാത്ത മഴക്കാലം

🟢 മഴക്കാലത്തെക്കുറിച്ച് കവിക്കുള്ള ഓർമ്മകൾ കവിതയിൽ നിന്നറിഞ്ഞല്ലോ ഇതുപോലെ നിങ്ങൾക്കും ഉണ്ടായ ഒരു മഴക്കാല അനുഭവം ഓർമിച്ച് എഴുതുക

മഴക്കാല അനുഭവങ്ങൾ പറയാൻ അവസരം നൽകുന്നു.

ആഹ്ലാദകരമായവ സങ്കടകരമായ ചർച്ചചെയ്യുന്നു

ടീച്ചർ സ്വന്തം മഴക്കാല അനുഭവങ്ങൾ പങ്കുവെക്കുന്നു

രചനയുടെ ഘട്ടങ്ങൾ

ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു

മെച്ചപ്പെടുത്തുന്നു

ഗ്രൂപ്പിൽ എഡിറ്റിംഗ് നടത്തുന്നു

പൊതുവായി അവതരിപ്പിക്കുന്നു.

ഒരു മഴക്കാല ചിത്രം ഐസിടിയിൽ പ്രദർശിപ്പിക്കുന്നു

എം ടി വാസുദേവൻ നായരുടെ മഴയ അനുഭവം ഗ്രൂപ്പിൽ വായിക്കാൻ നൽകുന്നു **HB 81**

എം ടി വാസുദേവൻ നായർ

അടച്ചു പിടിച്ച് പെയ്യാൻ തുടങ്ങിയാൽ ഉണങ്ങാത്ത ഉടുപ്പുകൾ പ്രശ്നമാണെങ്കിലും

Teaching manual

| | | | |
|---|---|---|---|
| മലയാളം | I | Standard IV | MKM……. |

> കാലവർഷത്തെ ഒരു ഉത്സവകാലം പോലെ ഞാൻ കാത്തിരുന്നു. ഉറങ്ങുന്നതിനു മുമ്പ് ഇരുട്ടിൽ കിടന്ന് രണ്ട് ചെവിയും വിരലിട്ട് അടയ്ക്കുക. പിന്നെ പതുക്കെ തുറക്കുക അപ്പോഴാണ് മഴയുടെ മുറുക്കി കൊട്ടൽ ശരിക്കും രസിക്കുന്നത്. ചെറിയ കൃഷിക്കാരുടെ വീട്ടിൽ വേണ്ടത്ര ഭക്ഷണമുണ്ടായെന്നു വരില്ല മുണ്ടകൻ കൊയ്ത്ത് അപൂർവ്വമായ ഞങ്ങളുടെ വീട്ടിലെ സ്ഥിതിയും അതുതന്നെയായിരുന്നു മഴക്കാലത്ത് വിശപ്പും കൂടും. അടുക്കളയിൽ അരി തിളയ്ക്കുന്ന ഗന്ധം ഉമ്മറ കോലായിൽ മഴ കണ്ടിരുന്ന എന്റെ മൂക്കിലെത്തുന്നത് എത്ര പെട്ടെന്നാണ്.

ഈ ഹരികുമാർ എഴുതിയ അനുഭവം അധ്യാപകൻ വായിച്ചു കേൾപ്പിക്കുന്നു **(HB പേജ് 82)**

ഈ രണ്ട് അനുഭവങ്ങളും കേട്ടതിനു ശേഷം കുട്ടികൾ അനുഭവം വ്യക്തിഗതമായി വീണ്ടും മെച്ചപ്പെടുത്തി എഴുതുന്നു.

എഡിറ്റിംഗ്

- രചനയിലെ മികവുകൾ എന്തെല്ലാം മഴയനുഭവുമായി ബന്ധപ്പെട്ടിട്ടുണ്ടോ
- എല്ലാ ആശയവും വന്നിട്ടുണ്ടോ ആശയ വ്യക്തത ഉണ്ടോ
- എന്തൊക്കെ തിരിച്ചറിവുകൾ ഉണ്ടായി
- എന്തെല്ലാം കാര്യങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ട്
- അക്ഷര തെറ്റുകൾ വന്നിട്ടുണ്ടോ അനുയോജ്യമായ പദങ്ങളാണ് ഉപയോഗിച്ചത്.

📌 ചിത്രം വരയ്ക്കാം

ചോദ്യം സ്വന്തമായിട്ട് വായിക്കാൻ അവസരം

❓ എന്താണ് നമ്മൾ ചെയ്യേണ്ടത്

കൂട്ടുകാർക്ക് വിശദീകരിക്കാൻ അവസരം ( ആവശ്യമെങ്കിൽ അധ്യാപകൻ വിശദീകരിക്കുന്നു )

“ പലനിറമോലും നീരാമ്പൽപോലാം
കുടകൾക്ക് കീഴെയായ് പോണോരെ “

❓ ഈ വരികൾ വായിക്കുമ്പോൾ മനസ്സിലൊരു മനോഹര ചിത്രം ഓടിയെത്തുന്നില്ലേ

❓ അതൊന്നും നമുക്ക് ചിത്രരൂപത്തിൽ ആക്കിയാലോ

ഇതുപോലെ മറ്റ് എന്തെല്ലാം ചിത്രങ്ങളാണ് കവിത വായിക്കുമ്പോൾ മനസ്സിൽ വരുന്നത്

🟢ചർച്ചയ്ക്ക് അവസരം

പലനിറത്തിലുള്ള കുടചൂടി മഴയത്ത് വരുന്ന കുട്ടികൾ, വാഴയില ചൂടി പാട വരമ്പിലൂടെ മഴ നനഞ്ഞു വരുന്നവർ അനിയനെ തന്റെ കുടയിൽ കൂട്ടി വരുന്ന ചേച്ചി വേനൽക്കാലത്തെ ഓർമ്മകൾ

ടീച്ചർ ബോർഡിൽ എഴുതുന്നു

# Teaching manual

| മലയാളം | I | Standard IV | MKM……. |
|---|---|---|---|

- എല്ലാ കുട്ടികൾക്കും വ്യക്തിഗതമായി പേപ്പർ നൽകുന്നു.
- ഇവയിൽ നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു ചിത്രം വരയ്ക്കുക
- ചിത്രങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു
- ചിത്രത്തിന് പേര് നൽകുന്നു
- ചിത്രപ്പതിപ്പ് തയ്യാറാക്കുന്നു



- എല്ലാവർക്കും ആശയത്തെ ചിത്രമാക്കാൻ കഴിഞ്ഞോ?
- മികച്ച ചിത്രം വരച്ചത് ആരൊക്കെ?
- ചിത്രരചനയ്ക്കുള്ള മികവ് വർദ്ധിപ്പിക്കാൻ എന്ത് ചെയ്യാം?
- ടീച്ചർ വേർഷൻ അവതരിപ്പിച്ചപ്പോൾ നേരിട്ട പ്രയാസം?

പ്രതികരണം

📌 **ശേഖരിക്കുക ചൊല്ലി രസിക്കു.**

മഴയെ വർണ്ണിക്കുന്ന കവിതകൾ ശേഖരിക്കുക. ചൊല്ലാം.

Teaching manual

| മലയാളം | I Standard IV | MKM……. |
|---|---|---|

എല്ലാ കുട്ടികൾക്കും വ്യക്തിഗതമായി പ്രവർത്തനം നൽകുന്നു.

നോട്ട് ബുക്കിൽ എഴുതി ശേഖരിക്കുന്നു.

എഴുതിയത് ക്ലാസിൽ ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുന്നു.

## മഴക്കവിതകൾ



• അമ്മേ വരൂ വരൂ വെക്കം വെളിയിലേ-
ക്കല്ലെങ്കിലിമ്മഴ തോർന്നു പോമേ
എന്തൊരാഹ്ലാദമാ മുറ്റത്തടിക്കടി
പൊന്തുന്ന വെള്ളത്തിൽ തത്തിച്ചാടാൻ

**ബാലാമണിയമ്മ**



• ഇടവപ്പാതിപ്പാതിരയാ-
ണിടിയും മഴയും പൊടിപൂരം
പുരമുറ്റത്തെപ്പുളി മാവിന്മേ-
ലൊരു ഗന്ധർവ്വൻ പാടുന്നു

**ഇടശ്ശേരി ഗോവിന്ദൻനായർ**

• ചിന്നിത്തെറിക്കും നറുമുത്തുപോലെ
നീളുന്ന വെള്ളിത്തെളിനൂലുപോലെ
ആകാശഗംഗാ പ്രസരണങ്ങൾപോലെ-
യാഹാ! പതിപ്പൂ പുതുവർഷതോയം

**വൈലോപ്പിള്ളി ശ്രീധരമേനോൻ**

• ഒരു മഴപെയ്തു ഭൂമികുളിർത്തു
ഒരു കതിർനീണ്ടു ഭൂമിപൊലിച്ചു.

**അയ്യപ്പപ്പണിക്കർ**

📌 ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക

പേജ് നമ്പർ 20 ലെ പ്രവർത്തനം വ്യക്തിഗതമായി വായിക്കുന്നു.

എന്താണ് ചെയ്യേണ്ടത് കുട്ടികൾ കണ്ടെത്തുന്നു.

ആവശ്യമെങ്കിൽ അധ്യാപകൻ വിശദീകരിക്കുന്നു

കുഞ്ഞേടത്തി എന്ന കവിതയിലെ ഭാഗം കുട്ടികൾ വ്യക്തിഗതമായി വായിക്കുന്നു.

കുഞ്ഞേടത്തിയും കടയില്ലാത്തവർ എന്ന കവിത

ഗ്രൂപ്പിൽ ചർച്ച ചെയ്യുന്നു.

- കുഞ്ഞേടത്തിലെ പെങ്ങൾ അനിയനുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാം.?
- കുടയില്ലാത്തവർ എന്ന കവിതയിലെ പെങ്ങൾ എങ്ങനെയാണ് സഹോദരനെ സഹായിക്കുന്നത്?
- സന്ദർഭം അനിയന്റെ അവസ്ഥ സഹോദരിയുടെ മനോഭാവം.?

കൂട്ടുകാർ ഗ്രൂപ്പിൽ ചർച്ചചെയ്യുന്നു കുറിപ്പ് എഴുതുന്നു.

പൊതുവായിട്ട് അവതരിപ്പിക്കുന്നു.

🟢ചർച്ച നടത്തുന്നു.

ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു

കൂട്ടിച്ചേർക്കലുകൾ നടത്തുന്നു

Teaching manual

| മലയാളം | I | Standard IV | MKM....... |
|---|---|---|---|

ക്രോഡീകരിക്കുന്നു.

ഒഎൻവി കുറുപ്പിന്റെ കുഞ്ഞേടത്തി എന്ന കവിതയിൽ സഹോദര സ്നേഹമാണ് പറയുന്നത് . ഒരമ്മയെ പോലെ തന്നെ ആങ്ങളയെ സ്നേഹിക്കുന്ന ചേച്ചിയെയാണ് കവി കവിതയിലൂടെ പറയുന്നത്. ആനയുടെയും മയിലിന്റെയും ആരും കേൾക്കാത്ത കഥകൾ പറഞ്ഞ് സ്നേഹ വാത്സല്യത്തോടെ ഉണ്ണിയെ ലാളിക്കുന്ന ചേച്ചി.

കുടയില്ലാത്തവർ എന്ന കവിതയിൽ മഴ നനഞ്ഞു പോകുന്ന അനിയൻ അല്ലാത്ത അനിയനെ കുടയിൽ ചേർത്തു നിർത്തുന്ന ചേച്ചി . രണ്ട് കവിതയിലും സഹോദര സ്നേഹത്തിന്റെ വ്യത്യസ്ത മുഖങ്ങളാണ് കവി പറയുന്നത്.

- രണ്ട് കവിതകളും താരതമ്യം ചെയ്യുവോ?
- ചർച്ചയ്ക്ക് സഹായകമായ മറ്റ് എന്ത് ഒരുക്കമാണ് നടത്താൻ ആവുക.?
- രണ്ട് കവിതകളും ഒരേ ആശയമാണ് എന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ?
- തെറ്റ് കൂടാതെ എത്ര പേർ എഴുതിയിട്ടുണ്ട്?

📌ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

കുടയില്ലാത്തവർ എന്ന കവിതയുമായി ബന്ധപ്പെട്ട് നാം ചർച്ച ചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാം?

ലിസ്റ്റ് ചെയ്യുന്നു ( ആശയങ്ങൾ കണ്ടെത്തി എഴുതി, ആശയത്തെ ചിത്രീകരിച്ചു, രണ്ട് കവിതകളെ താരതമ്യം ചെയ്തു)

നാം ഉൾക്കൊള്ളേണ്ട ആശയങ്ങൾ എന്തെല്ലാം?

ചർച്ച ചെയ്യുന്നു.

🟢ഓരോരുത്തരും കുടയില്ലാത്തവർ എന്ന കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

- വ്യക്തിഗത രചന നടത്തുന്നു.
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- വിലയിരുത്തുന്നു.
- മെച്ചപ്പെടുത്തലുകൾ നടത്തുന്നു.
- ഗ്രൂപ്പിന്റെ അവതരണം നടത്തുന്നു.
- ടീച്ചർ വേർഷൻ അവതരിപ്പിക്കുന്നു
- താരതമ്യം ചെയ്യുന്നു.
- ബുക്കിൽ കുറിക്കുന്നു.

വിലയിരുത്തൽ

# Teaching manual

| മലയാളം | I | Standard IV | MKM....... |
|---|---|---|---|

- • ആശയങ്ങളുടെ • പൂർണ്ണത • പ്രയോഗ ഭംഗി
- ശബ്ദ ഭംഗി വിശദീകരിക്കൽ • സ്വന്തം അഭിപ്രായം
- ലളിതവും വ്യക്തമാകുന്നതുമായ ഭാഷ

എഡിറ്റിംഗ്

🏷️ ഒരു ഗ്രൂപ്പിന്റെ രചന എഡിറ്റിങ്ങിനായി തിരഞ്ഞെടുത്തു പൊതുവായി എഡിറ്റ് ചെയ്യുക

- <u>ആശയം</u>

  • എല്ലാ ആശയങ്ങളും വന്നിട്ടുണ്ടോ? •ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങൾ ഉണ്ടോ? •ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ ഉണ്ടോ? •ഇതിൽ ഒഴിവാക്കേണ്ട കാര്യങ്ങൾ ഏതൊക്കെ?

- <u>വാക്യഘടന</u>

  •വാക്കുകൾ ക്രമമായ ആണോ എഴുതിയിരിക്കുന്നത്? •ആവശ്യമില്ലാത്ത വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടോ? • വാക്യം കൂട്ടിച്ചേർക്കേണ്ടതുണ്ടോ?

- <u>അക്ഷരം</u>

  •അക്ഷരം പദം വാക്യം എന്നിവ നിശ്ചിത ആലം പാലിച്ച് എഴുതിയിരിക്കുന്നത് ? • അക്ഷരം ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ ആണോ എഴുതിയിരിക്കുന്നത്?

- <u>വ്യവഹാര രൂപം</u>

  • ആശയ സമഗ്രതയുണ്ട് . • സ്വന്തമായ നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് • ശബ്ദ ഭംഗി പ്രയോഗ ഭംഗി എന്നിവ വിശദീകരിച്ചിട്ടുണ്ട് • ഇഷ്ടപ്പെട്ട വരി വിശദീകരിച്ചിട്ടുണ്ട്.


📌 ജീവചരിത്രക്കുറിപ്പ് തയ്യാറാക്കാം

തന്നിരിക്കുന്ന സൂചനങ്ങളെ അടിസ്ഥാനമാക്കി ഒ.എൻ.വി കുറുപ്പിന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക..

🟢 വ്യക്തിഗത രചന

Teaching manual

| | | | |
|---|---|---|---|
| മലയാളം | I | Standard IV | MKM……. |




- രചനയുടെ ഘട്ടങ്ങൾ പാലിക്കുന്നു.
- ഗ്രൂപ്പിൽ മെച്ചപ്പെടുത്തുന്നു.
- പൊതുവായി അവതരിപ്പിക്കുന്നു.
- വിലയിരുത്തുന്നു.
  - ഘടന പാലിച്ചാണ് എഴുതിയിരിക്കുന്നത്?
  - അക്ഷര തെറ്റുകൾ വരുത്തിയിട്ടുണ്ടോ?
  - എല്ലാ കാര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്?
  - ആരംഭവും അവസാനവും ക്രമപ്പെടുത്തി എഴുതിയിട്ടുണ്ട്?

ഒ എൻ വി കുറുപ്പ്

മലയാളത്തിലെ പ്രശസ്ത കവിയാണ് ഓ എൻ വി കുറുപ്പ്. *1931* മെയ് *21*ന് കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. അധ്യാപകനായിരുന്നു. ഭൂമിക്കൊരു ചരമഗീതം, ഉപ്പ്, അക്ഷരം, കറുത്ത പക്ഷിയുടെ പാട്ട്, ഉജ്ജയിനി, ഭൈരവന്റെ തുടി, വളപ്പൊട്ടുകൾ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. ജ്ഞാനപീഠം, പത്മശ്രീ, പത്മവിഭൂഷൻ, എഴുത്തച്ഛൻ പുരസ്കാരം തുടങ്ങിയ നിരവധി ബഹുമതികൾ ഇദ്ദേഹം നേടിയിട്ടുണ്ട്. *2016* ഫെബ്രുവരി *13*ന് അദ്ദേഹം അന്തരിച്ചു.